**March: 31**

# KGBEU OU ബുള്ളറ്റിൻ 10/2022

സഖാക്കളെ,

## വിഷയം: മൂലധന നിക്ഷേപം

നമ്മുടെ ബാങ്കിന് ആവശ്യമായ മൂലധനം സംസ്ഥാന സർക്കാർ, കനറാ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും നേരത്തെ അനുവദിക്കുകയും നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേന്ദ്രസർക്കാരും തങ്ങൾ നൽകേുന്നതായ ഓഹരി അനുവദിച്ചിട്ടുണ്ട്.

ഗ്രാമീണ ബാങ്കുകൾക്ക് ആവശ്യമായ മൂലധനം നൽകണമെന്ന് ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ ഭൂരിപക്ഷ സംഘടനയായ AIRRBEA യുടെ നേതൃത്വത്തിൽ ദീർഘനാളായി ആവശ്യം ഉന്നയിക്കുകയും  ഇതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരികയുമായിരുന്നു. തുടർന്നാണ് മൂലധനം നൽകാമെന്ന് കേന്ദ്രസർക്കാർ സമ്മതിച്ചത്. എന്നാൽ, സംസ്ഥാന സർക്കാർ ഓഹരി അനുവദിച്ചാൽ മാത്രമേ കേന്ദ്ര സർക്കാർ ഓഹരി നൽകുകയുള്ളൂ എന്ന മാനദണ്ഡം വച്ചതിനാൽ നമ്മുടെ ബാങ്കിന് മാത്രമേ ഇത് ലഭ്യമായിട്ടുള്ളൂ. മറ്റൊരു സംസ്ഥാനവും ഗ്രാമീണ ബാങ്കുകൾക്ക് ഓഹരി നൽകാൻ തയ്യാറായിട്ടില്ല എന്നാണ് ലഭ്യമായ വിവരം. ചുരുക്കി പറഞ്ഞാൽ രാജ്യം ഭരിക്കുന്ന സർക്കാരിന്റെ രാഷ്ട്രീയ മുന്നണി ഭരിക്കുന്ന സംസ്ഥാനങ്ങൾ പോലും നൽകാൻ തയ്യാറായിട്ടില്ല എന്ന് സാരം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ